## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1844** **19-01-2021 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി. സർവ്വീസ് റദ്ദാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ലോക്ഡൗണിനെ തുടർന്ന് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തി വച്ചത് മൂലം കെ.എസ്.ആർ.ടി.സി.ക്ക് വരുമാന നഷ്ടം ഉണ്ടാകുകയും കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധി രൂക്ഷമാകുകയും ചെയ്തിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് കോവിഡുമായി ബന്ധപ്പെട്ട് ലോക്ക്ഡൗണിനെ തുടർന്ന് സർവ്വീസുകൾ നിർത്തിവെച്ചതുമൂലം വരുമാന നഷ്ടമുണ്ടാവുകയും പ്രതിസന്ധി രൂക്ഷമാകുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം ശരാശരി 6.6 കോടി രൂപ വരുമാനം ലഭിച്ചിരുന്ന സമയത്താണ് സർക്കാർ ലോക്ക്ഡൗൺ പ്രഖ്യാപിച്ചത്. ഇപ്പോൾ ശരാശരി പ്രതിദിന വരുമാനം 2.68 കോടി രൂപയായി കുറഞ്ഞിരിക്കുന്നത് കെ.എസ്.ആർ.ടി.സി.യ്ക്ക് വൻ ആഘാതമുണ്ടാക്കിയിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പ്രതിസന്ധിക്കിടയിലും, ജീവനക്കാർക്ക് ശമ്പളം കൃത്യമായി നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള തുക എപ്രകാരമാണ് കണ്ടെത്തിയത്; | (ബി) | കോവിഡുമായി ബന്ധപ്പെട്ട പ്രതിസന്ധിക്കിടയിലും ജീവനക്കാർക്ക് ശമ്പളം കൃത്യമായി നൽകുന്നതിന് സാധിച്ചിട്ടുണ്ട്. സർക്കാർ സഹായം മാത്രം കൊണ്ടാണ് ശമ്പളം കൃത്യമായി നൽകുന്നതിന് സാധിച്ചത്. |
| (സി) | നിർത്തിവച്ചിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സർവ്വീസുകൾ നടത്തുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് നടത്തിയിട്ടുള്ളത്? | (സി) | കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ നിർത്തിയ സർവ്വീസുകൾ പരമാവധി പുനരാരംഭിക്കുന്നതിന് ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്. കൊവിഡ് മഹാമാരിയെ തുടർന്ന് സമ്പൂർണ്ണ അടച്ചിടൽ പ്രഖ്യാപിച്ചതിനെ തുടർന്ന് 22.3.2020 മുതൽ കെ.എസ്.ആർ.ടി.സി സർവ്വീസുകളും സർക്കാർ നിർദ്ദേശപ്രകാരം പൂർണ്ണമായും നിർത്തി വച്ചിരുന്നു. എന്നാൽ രോഗവ്യാപന തീവ്രത കുറഞ്ഞതിനെ തുടർന്ന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഘട്ടം ഘട്ടമായി പുനരാരംഭിച്ചിട്ടുണ്ട്. 20.05.2020 മുതൽ ജില്ലാടിസ്ഥാനത്തിൽ കർശന സാമൂഹ്യ അകലവും മാസ്ക്, സാനിറ്റൈസർ പോലുള്ള സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് സർക്കാർ നിർദ്ദേശപ്രകാരം സർവ്വീസുകൾ ആരംഭിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ